# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

05.07.2012-ൽ
മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 5325

### ഇൻഡസ്ട്രിയൽ മാനുഫാക്ചറിംഗ് സോൺ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ മാനുഫാക്ചറിംഗ് സോണുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സോണുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | (ബി) കൊച്ചി - പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിങ്ങ് സോൺ എന്ന ഒരു പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൊച്ചി - പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിങ്ങ് സോണിൽ അത്യാധുനിക വ്യവസായിക വാണിജ്യപരമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 54,000 കോടി രുപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന പദ്ധതിയിൽ വ്യവസായിക വാണിജ്യ നിക്ഷേപത്തിനുള്ള സ്ഥലം, വൈദ്യുതി, ജലം, റോഡുകൾ, ഡ്രെയിനേജ്, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും,നാഷണൽ ഹൈവേയും പ്രധാന റെയിൽപ്പാതയുമായിട്ടുള്ള റോഡ് ലിങ്കേജ്, പ്രകൃതി വാതകം അടിസ്ഥാനമാക്കിയുള്ള ഊർജ്ജ പദ്ധതി, പൊതുമാലിന്യ സംസ്കരണ പ്ലാന്റ്, മഴവെള്ള സംഭരണം, ഖരമാലിന്യ സംസ്കരണം എന്നിവ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഇത് പ്രകാരം സംസ്ഥാനത്തെ വ്യവസായ മേഖലയിൽ ഉണ്ടാകുന്ന പ്രയോജനം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) കൊച്ചി-പാലക്കാട് മേഖലകളിൽ ഇപ്പോഴുള്ള NH-47 ന്റെ ഇരുഭാഗങ്ങളിലായി വ്യവസായിക വാണിജ്യ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും അതുവഴി കൂടുതൽ തൊഴില |

വസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും. മാനുഫാക്ചറിങ്ങ് സോൺ വരുന്നതോടുകൂടി സംസ്ഥാനത്തിന്റെ മൊത്തം ഉല്പാദന മേഖലയിൽ വ്യവസായിക ഉല്പാദനത്തിന്റെ വിഹിതം കൂട്ടുവാനും അതുവഴി വ്യവസായ മേഖലകളിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രാദേശികവും സാമ്പത്തിക വുമായ അസന്തുലി താവസ്ഥയ്ക്ക് പരിഹാരം കാണാനും സഹായിക്കും. കേരളത്തിന്റെ പ്രകൃതിയ്ക്ക് ഇണങ്ങുന്ന രീതിയിൽ ഹരിത സാങ്കേതിക വിദ്യയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള വികസനമാണ് ഇൻഡസ്ട്രിയൽ മാനുഫാക്ചറിങ്ങ് സോണുകൾ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**